

സർക്കുലർ



Prot. No. 32628/2026
Circular No. 6 /2026

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളെ, പ്രിയ കുട്ടികളെ,

നമ്മുടെ പ്രിയപ്പെട്ട നാടിനെ ഞെട്ടിച്ചുകൊണ്ട് 2024 ജൂലൈ മാസം 30-ാം തീയതി വെളുപ്പിന് ഒന്നേകാൽ മണിക്ക് മേപ്പാടിക്കടുത്ത് പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ഉണ്ടായ അതിഭീകരമായ ഉരുൾപൊട്ടലിൽ നൂറ് കണക്കിന് പ്രദേശ വാസികൾക്കും അല്ലാത്തവർക്കും ജീവൻ നഷ്ടപ്പെട്ടു. പല കുടുംബങ്ങളിലും ഒന്നോ രണ്ടോ പേർ മാത്രം അവശേഷിച്ചു. ഒരു ഗ്രാമം തന്നെ അപ്രത്യക്ഷമായി. ജീവൻ തിരികെ കട്ടിയ അനേകർക്ക് കിടപ്പാടമടക്കം സകലതും നഷ്ടപ്പെട്ടു. നമ്മുടെ രൂപതയിലെ ചൂരൽമല ഇടവകാംഗങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ആ ദിവസങ്ങളിൽ ആ പ്രദേശത്തെ അവസ്ഥ അതിഭീകരവും ഹൃദയ ഭേദകമായിരുന്നു എന്ന് ഞാൻ തന്നെ നേരിൽ കണ്ടു.

ഇതേ സമയത്ത് തന്നെ താമരശ്ശേരി രൂപതയിലെ വിലങ്ങാട് പ്രദേശത്തും അതിഭീകരമായ ഉരുൾപൊട്ടൽ ഉണ്ടായി. എന്നാൽ അവിടെ അധികമാർക്കും ജീവൻ നഷ്ടപ്പെട്ടില്ല എന്നത് വലിയൊരാശ്വാസമായിരുന്നു. പക്ഷെ അനേകം പേർക്ക് അവരുടെ വീടുകളും സ്വത്തും നഷ്ടപ്പെട്ടു.

സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും വിവിധ മതസംഘടനകളും രാഷ്ട്രീയപ്പാർട്ടികളും ആയി ബന്ധമുള്ളതും അല്ലാത്തതുമായ ഒട്ടനവധി സന്നദ്ധസേവകർ രാപകലില്ലാതെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മാനന്തവാടി രൂപതയും ഇടവകകളും രൂപതയിലെ വിവിധ സമർപ്പിത സമൂഹങ്ങളും സംഘടനകളും സ്ഥാപനങ്ങളും വ്യക്തികളും സജീവമായി രംഗത്തുണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് പ്രവഹിച്ച സഹായ വസ്തുക്കൾ യഥാവിധി ഉരുൾപൊട്ടലിൽ ദുരന്തം അനുഭവിച്ചവരിലേക്ക് എത്തിക്കാൻ ഈ കൂട്ടായ പ്രവർത്തനത്തിലൂടെ നമുക്ക് കഴിഞ്ഞു. അതുപോലെ കൗൺസലിംഗിൽ ഔദ്യോഗിക ഡിഗ്രിയും

അനുഭവ പരിചയവും ഉള്ള അൻപത് സമർപ്പിത സഹോദരിമാർ മാസങ്ങളോളം തന്നെ ദുരന്തത്തിന് ഇരയായവരുടെ കുടുംബങ്ങൾ സന്ദർശിച്ച് കൗൺസലിംഗ് കൊടുത്ത് അവരുടെ മനസ്സിലെ മുറിവുണങ്ങി സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ അവരെ സഹായിച്ചു. നമ്മുടെ രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) ഇക്കാര്യങ്ങളെല്ലാം ഏകോപിപ്പിച്ചു.

ഏറെ നാളത്തേക്ക് ചൂരൽമലയിലുള്ള നമ്മുടെ ഇടവക പ്പള്ളി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എത്തിയ പട്ടാളക്കാരുടെയും പോലീസുകാരുടെയും സന്നദ്ധസേവകരുടെയും താത്കാലിക വസതിയും ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ ആവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന കേന്ദ്രമായും മാറി. ഇടവക വികാരി ബഹുമാനപ്പെട്ട ജിബിൻ വട്ടുകളത്തിൽ അച്ചനും കൈക്കാരന്മാരും ശേഷിച്ച ഇടവകക്കാരും എല്ലാത്തിനും നേതൃത്വം കൊടുത്തുകൊണ്ട് അവിടെത്തന്നെ ദിനരാത്രങ്ങൾ ചെലവഴിച്ചു. അവരുടെ ധീരതയുടെയും ത്യാഗ സന്നദ്ധയുടെയും മുമ്പിൽ നമുക്ക് തല കുനിക്കാം. അതുപോലെ തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ രീതിയിൽ പങ്കെടുത്ത എല്ലാവരേയും നന്ദിപൂർവം ഓർക്കാം.

ഉരുൾപൊട്ടൽ ഉണ്ടായ അതേ ദിവസങ്ങളിൽ തന്നെ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ (കെ. സി. ബി. സി) ഭാരവാഹികളും തലശ്ശേരി, കോഴിക്കോട്, മാനന്തവാടി, ബത്തേരി, താമരശ്ശേരി, കണ്ണൂർ, കോട്ടയം എന്നീ രൂപതാദ്ധ്യക്ഷന്മാരും ദ്വാരകയിൽ സമ്മേളിച്ച് ദുരിതബാധിതരുടെ പുനരധിവാസത്തെപ്പറ്റി ആലോചിച്ചു. വയനാട് ജില്ലയിലും വിലങ്ങാട് ഭാഗത്തുമായി നൂറ് വീടുകൾ കേരള സഭയുടെ നേതൃത്വത്തിൽ നിർമ്മിച്ച് കൊടുക്കാനുള്ള തീരുമാനമെടുത്തു. അതിൽ അമ്പതെണ്ണം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നിർമ്മിക്കാം എന്നും തീരുമാനിച്ചു.

ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണം ഉരുൾപൊട്ടലിന്റെ ആഘാതമേറ്റ രൂപതകളുടെ നേതൃത്വത്തിൽ തന്നെയാകട്ടെ എന്നും തീരുമാനിച്ചു. മാനന്തവാടി രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ആണ് നമ്മൾ വാഗ്ദാനം ചെയ്ത വീടുകൾ നിർമ്മിക്കാനുള്ള ദൗത്യം ഏല്പിച്ചത്.

ഭവന നിർമ്മാണത്തിന് സഹായ വാഗ്ദാനവുമായി ഭാരതത്തിനു ള്ളിലും പുറത്തുമുള്ള അനേകം പേർ നമ്മളെ സമീപിച്ചു. അക്കൂ ട്ടത്തിൽ രൂപതകളും സന്യാസസമൂഹങ്ങളും ഇടവകകളും സ്ഥാപ നങ്ങളും സംഘടനകളും നൂറ് കണക്കിന് നല്ലവരായ വ്യക്തികളും ഉണ്ടായിരുന്നു. പ്രത്യേകിച്ച് നമ്മുടെ രൂപതയിലെ ഇടവകകളും സന്യാസസമൂഹങ്ങളും സ്ഥാപനങ്ങളും സംഘടനകളും തന്ന സംഭാവനകളെ പ്രത്യേകം എടുത്തു പറയാൻ ഞാൻ ആഗ്രഹി ക്കുന്നു. എല്ലാവരും തങ്ങളാൽ കഴിയുന്ന രീതിയിൽ വളരെ വലിയ തോതിൽ സഹകരിച്ചു. ഇതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വൈദികർക്കും ശേഷം എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ലഭിച്ച എല്ലാ സംഭാവനകളും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അക്കൗണ്ടിൽ വരവ് വച്ച് രസീതും കൊടുത്തിട്ടുണ്ട്.

ഭവന നിർമ്മാണത്തിനായി കെ. സി. ബി. സി. യുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറവും സംഭാവനകൾ സ്വീകരിച്ചിരുന്നു. അവിടെ കിട്ടിയ തുകയിൽ നിന്ന് ഒരു വീടിന് പത്തുലക്ഷം രൂപാ തോതിൽ 46 വീടുകൾക്ക് നാലു കോടി അറുപത് ലക്ഷം രൂപ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറി.

എന്നാൽ ഇതിനകം നിർമ്മാണം പൂർത്തിയാക്കിയ 37 വീടു കൾ ഓരോന്നിനും വേണ്ടി സ്ഥലം വാങ്ങി അത് അളന്ന് തിരിച്ച് ഓരോ കുംബത്തിന്റെയും പേരിൽ ആധാരം ചെയ്ത് കൊടുത്ത തിനും വീടുകൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വീടുകൾ നിർമ്മിച്ചതിനും പൊതു സൗകര്യങ്ങളായ റോഡ്, അഴുക്കുചാൽ, കിണർ, വെള്ളത്തിനുള്ള ടാങ്ക് തുടങ്ങിയ എല്ലാ സൗകര്യങ്ങളും തയ്യാറാക്കിയതിനുമായി തുകകൾ കണക്കുകൂട്ടുമ്പോൾ ഓരോ വീടിനും ഏകദേശം 35 ലക്ഷം രൂപ വീതം ചെലവായിട്ടുണ്ട്. അതാ യത് കെ. സി. ബി. സി. യിൽ നിന്ന് ലഭിച്ചതിന് പുറമേ 25 ലക്ഷം രൂപാകൂടി ഓരോ വീടിനും നാം കണ്ടെത്തേണ്ടി വന്നു. ദൈവാനു ഗ്രഹത്താൽ അതെല്ലാം സംഭാവനയായി ലഭിച്ചു.

50 വീടുകൾ എന്നാണ് തുടക്കത്തിൽ തീരുമാനിച്ചിരുന്ന തെങ്കിലും കൂടുതൽ ആളുകൾ സഹായ ഹസ്തങ്ങൾ നീട്ടിയ പ്പോൾ രണ്ടു വീടുകൾ കൂടി നിർമ്മിക്കാനുള്ള പണം ലഭ്യമായി. അങ്ങനെ ആകെ 52 വീടുകളാണ് മാനന്തവാടി രൂപതയുടെ

നേതൃത്വത്തിൽ നിർമ്മിക്കുന്നത്. ഇപ്പോൾ പൂർത്തിയായ 34 വീടുകൾക്ക് പുറമേ ഇനിയും 15 എണ്ണം കൂടി നിർമ്മിക്കാനുണ്ട്. അതിനുള്ള സ്ഥലം വാങ്ങി റോഡ്, ചുറ്റുമതിൽ, കിണർ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നു. അവയുടെ നിർമ്മാണവും താമസം വിനാ പൂർത്തിയാക്കി ബന്ധപ്പെട്ടവർക്ക് കൈമാറാം എന്നാണ് പ്രതീക്ഷിക്കുന്നത്. ആ വീടുകളുടെ അടിസ്ഥാന ശില ആദ്യഘട്ടത്തിലെ വീടുകളുടെ കൈമാറ്റ സമയത്ത് ആശീർവദിക്കുന്നതാണ്.

പദ്ധതി നിർവഹണത്തിനു തുടക്കത്തിൽ തന്നെ പ്രതിസന്ധികൾ ധാരാളമുണ്ടായിരുന്നു. അനുയോജ്യമായ സ്ഥലം കണ്ടെത്തുക എന്നത് തന്നെ വളരെ പ്രയാസമേറിയ കാര്യമായിരുന്നു. അമ്പതിലേറെ സ്ഥലങ്ങൾ കണ്ട് പരിശോധിച്ച ശേഷമാണ് ഇപ്പോൾ വാഴവറ്റ ഇടവകാതിർത്തിയിൽ രണ്ടിടത്തായി (പാക്കം, അത്തിച്ചാൽ) നാലേക്കർ തൊണ്ണൂറ്റി നാല് സെന്റ് സ്ഥലം വാങ്ങാൻ കഴിഞ്ഞത്. വില നിശ്ചയിക്കാനും, സ്ഥലം അളന്ന് തിരിക്കാനും അത് അർഹരായ ഓരോരുത്തരുടെയും പേരിൽ എഴുതി ആധാരം രജിസ്റ്റർ ചെയ്ത് സ്ഥലത്തിന്റെ എല്ലാ ഉടമകളെയും ഒരേ സമയം രജിസ്ട്രാഫീസിൽ എത്തിച്ച് ആധാരത്തിൽ ഒപ്പിടുവിക്കാനും രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ഉടമക്ക് പണം കൈമാറാനും എല്ലാം നിർമ്മാണക്കമ്മറ്റിക്കാർ പെടാപ്പാട്പെട്ടു എന്നതാണ് വസ്തുത. വീട് ലഭിക്കാൻ അർഹരായവരെ തീരുമാനിക്കുന്നതും ഓരോരുത്തർക്കും ലഭിക്കേണ്ട ഭാഗം അളന്ന് തിരിച്ച് നറുക്കിട്ട് കൊടുക്കുക എന്നതും വലിയൊരു കടമ്പ തന്നെയായിരുന്നു. നിർമ്മാണക്കമ്മിറ്റിയുടെ നിസ്വാർത്ഥവും അക്ഷീണവുമായ പരിശ്രമത്താൽ ആ കടമ്പകളെല്ലാം വിജയകരമായി തരണം ചെയ്യാൻ കഴിഞ്ഞു. അതിനായി അവർ അർഹരായവരുടെ വീടുകളിൽ പലപ്രാവശ്യം പോയി ചർച്ചകൾ നടത്തേണ്ടി വന്നു.

ഓരോരുത്തർക്കും ഇഷ്ടപ്പെട്ടയിടങ്ങളിൽ സ്ഥലം വാങ്ങി വീടു വയ്ക്കുക എന്നത് തീർത്തും അപ്രായോഗികമായിരുന്നു. കാരണം അങ്ങനെ വാങ്ങുമ്പോൾ സ്ഥലത്തിന് വില കൂടുതലായിരിക്കും. നിർമ്മാണ വസ്തുക്കൾ പല സ്ഥലങ്ങളിൽ ഒരേ സമയം എത്തിക്കുക എന്നത് അസാധ്യം തന്നെയായിരുന്നു. അതുപോലെ തന്നെ ജോലിക്കാരെ എത്തിക്കുക എന്നതും. അങ്ങനെ ചെയ്താൽ നിർമ്മാണച്ചെലവ് പലയിരട്ടി വർദ്ധിക്കുകയും ചെയ്യുമായി

രുന്നു. അപ്പോൾ നമുക്ക് ലഭിച്ച സംഭാവനകൾ തികയാതെ വരും എന്നത് നിസ്തർക്കമാണ്.

നിർമ്മാണം ആരംഭിച്ച ശേഷവും അനേകം അപ്രതീക്ഷിത പ്രതിസന്ധികൾ ഉണ്ടായി. നിയമപരമായ അനുവാദങ്ങൾ കിട്ടാനുള്ള താമസം, പശ്ചിമേഷ്യൻ യുദ്ധം മൂലം നിർമ്മാണ സാമഗ്രികൾക്ക് വന്ന വില വർദ്ധനവും ദൗർലഭ്യവും, അതിഥിത്തൊഴിലാളികൾ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാനും വോട്ടു ചെയ്യാനും അവരവരുടെ സംസ്ഥാനങ്ങളിലേക്ക് പോയതിനാൽ ഉണ്ടായ തൊഴിലാളി ക്ഷാമം, തുടർച്ചയായുള്ള മഴ അങ്ങനെ പലതും മറി കടക്കേണ്ടിയിരുന്നു.

എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്കും അംഗങ്ങൾ കൂടുതലുള്ള കുടുംബങ്ങൾക്കും കൂടുതൽ സ്ഥലവും വലിയ വീടുകളുമാണ് നാം കൊടുക്കുന്നത്. ഭാഗികമായി കിടപ്പാടം നഷ്ടപ്പെട്ടവർക്കും ചെറിയ കുടുംബങ്ങൾക്കും അല്പം കൂടി കുറവ് സ്ഥലവും ഇടത്തരം വീടും കൊടുത്തിരിക്കുന്നു. വേനൽക്കാലത്ത് ദുരന്തപ്രദേശത്ത് തങ്ങളുടെ സ്ഥലത്ത് തന്നെ താമസിക്കാൻ ഇഷ്ടപ്പെട്ടവർക്ക് മഴക്കാലത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ പോകാതെ താമസിക്കാൻ അഞ്ച് സെന്റ് സ്ഥലത്ത് മഴക്കാലവസതികളാണ് ഒരുക്കിയിരിക്കുന്നത്. ഓരോ വീടും വ്യത്യസ്തമായ പ്ലാനുകളിലാണ് നിർമ്മിച്ചിരിക്കുന്നത്. കേവലമൊരു കോളനിപോലെ വീടുകൾ കാണപ്പെടാതിരിക്കാനാണ് അങ്ങനെ പ്ലാനുകൾ തയ്യാറാക്കിയത്. എല്ലാ വീടുകളും ഏറ്റവും ഗുണമേന്മയുള്ള വസ്തുക്കൾ കൊണ്ട് തന്നെയാണ് നിർമ്മിച്ചിരിക്കുന്നത്. വീടുകൾ കിട്ടിയവർ പലരും നിർമ്മാണ വേളയിൽ സ്ഥലത്ത് വന്ന് അവ നേരിൽ കണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്നുണ്ട്.

ഈ നവംബർ മാസം 27 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് വാഴവറ്റ ഇടവകാതിർത്തിയിൽ പാക്കം എന്ന സ്ഥലത്ത് നിർമ്മാണം പൂർത്തിയായ ആദ്യഘട്ടത്തിലെ 34 വീടുകൾ ബന്ധപ്പെട്ടവർക്ക് കൈമാറും. അങ്ങനെ വീടുകൾ കൈമാറുമ്പോൾ ഓരോ വീട്ടിലേക്കും ആവശ്യമുള്ള ഫർണിച്ചർ, പാത്രങ്ങൾ മുതലായവ കൂടി വാങ്ങി നൽകണമെന്നുണ്ട്. ഇപ്പോൾ ലഭ്യമായ തുകയിൽ നിന്നു അത്തരം കാര്യങ്ങൾക്ക് പണം എടുക്കുന്നത് ശരിയായിരിക്കുകയില്ലല്ലോ. കാരണം ദാതാക്കളുടെ ലക്ഷ്യം അതല്ലായിരുന്നു. മാത്രമല്ല ഇനിയും ശേഷിക്കുന്ന പണം യാതൊരു കാരണവശാലും

തരം മാറ്റി ചെലവഴിക്കാതിരുന്നാൽ മാത്രമേ ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

ഈ സാഹചര്യത്തിൽ ഒരിക്കൽ കൂടി നിങ്ങളുടെ സന്മനസ്സിനെ ആശ്രയിക്കുക മാത്രമേ കരണീയമായിട്ടുള്ളു. 34 വീടുകളുടെ നിർമ്മാണം പൂർത്തിയാകുന്ന ഈ സാഹചര്യവും 15 വീടുകളുടെ നിർമ്മാണം സമീപ ഭാവിയിൽ നടക്കുന്നതും കണക്കിലെടുത്ത് മൊത്തം 49 വീടുകൾക്ക് ആവശ്യമായ വസ്തുക്കൾ മേടിക്കാൻ ആവശ്യമായ തുക നിങ്ങൾ സ്പോൺസർ ചെയ്താൽ നമുക്ക് നിഷ്പ്രയാസം ആവശ്യമുള്ള സാധനങ്ങൾ ലഭ്യമാക്കാം. ഒരു വീടിനാവശ്യമായ കട്ടിലുകൾ, ബെഡ്ഡുകൾ ഊൺ മേശ, കസേരകൾ, ലീവിംഗ് റൂം സെറ്റി, ടീപോയ്, ഗ്യാസ് സ്റ്റൗ തുടങ്ങിയവയ്ക്കായ് ഏകദേശം തൊണ്ണൂറ്റി ഏഴായിരം (Rs. 97000) രൂപയോളം ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ഒരു വീടിന് ആവശ്യമായ സാമഗ്രികൾ വാങ്ങാൻ പൂർണ്ണമായോ ഭാഗികമായോ സഹകരിച്ച് ഈ വലിയ ഉദ്യമത്തിൽ നമുക്ക് പങ്കാളികളാകാം. പണം അയക്കേണ്ടത് താഴെപ്പറയുന്ന രീതിയിലാണ്.

ബാങ്ക് ട്രാൻസ്ഫർ

Account Name : Director Wayanad Social Service Society
Account No : 0605053000001714
Bank : SIB
IFSC code : SIBL0000605
Branch : Mananthavady

ചെക്കുകൾ: **Director Wayanad Social Service Society** എന്ന പേരിൽ ചെക്ക് എഴുതി ക്രോസ് ചെയ്ത് മേൽപ്പറഞ്ഞ അക്കൗണ്ടിൽ മാത്രം മാറത്തക്ക രീതിയിൽ **Director Wayanad Social Service Society, Mananthavady 670 645** എന്ന വിലാസത്തിൽ സ്പീഡ് പോസ്റ്റിൽ അയക്കണം.

യു പി ഐ പേയ്മെന്റ് (ഗൂഗിൾ പേ പോലെയുള്ളത്):
+917907105276 എന്ന വാട്ട്സ് ആപ്പ് നമ്പറിൽ ബന്ധപ്പെട്ടാൽ QR Code ആ വാട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതാണ്.

വിദേശത്ത് നിന്ന് Wire transfer / Bank transfer ചെയ്യുന്നവർ ഇനിപ്പറയുന്ന അകൗണ്ടിലേക്കാണ് അയക്കേണ്ടത്.

Account Name : Wayanad Social Service Society
Bank Name : State Bank of India
Account No : 40126887659
Branch Name : New Delhi Main Branch
IFSC code : SBIN0000691
SWIFT Code : SBININBB104

ക്യാഷ് ആയോ സാധന സാമഗ്രികൾ ആയോ സംഭാവനകൾ സ്വീകരിക്കുന്നതല്ല.

പണം അയക്കുന്നവർ അയച്ചാൽ ഉടൻ തന്നെ ദയവായി **+917907105276** എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചയാളുടെ മുഴുവൻ പേരും മേൽവിലാസവും അയച്ച തുകയുടെ വിവരവും അയച്ചുകൊടുക്കണം (സംഭാവന നൽകുന്നവർ അവരുടെ ആധാർ കാർഡ്, പാൻകാർഡ് എന്നിവയുടെ പകർപ്പുകളും ദയവായി മേൽപ്പറഞ്ഞ നമ്പറിലേക്ക് അയച്ചുകൊടുക്കാൻ ശ്രദ്ധിക്കുമല്ലോ. കൃത്യമായി തുക കണക്കിൽ രേഖപ്പെടുത്താനും രസീതുകൾ അയച്ച് തരാനും ആദായനികുതി ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്താനും ഈ വിവരങ്ങൾ ആവശ്യമാണ്).

കെ. സി. ബി. സി. ഭാരവാഹികളും ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്ത രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും പ്രാദേശിക രാഷ്ട്രീയ നേതാക്കളും സംഭാവനകൾ നൽകിയവരുടെ പ്രതിനിധികളും വീടുകൾക്ക് അർഹരായവരും മറ്റും നവംബർ 27 വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതാണ്.

നിങ്ങളെ എല്ലാവരെയും ഈ ചടങ്ങിലേക്ക് ക്ഷണിക്കണമെന്നുണ്ടെങ്കിലും സ്ഥലപരിമിതി മൂലം പ്രതിനിധികളെ മാത്രമാണ് ഇപ്പോൾ ക്ഷണിക്കുന്നത്. എങ്കിലും ഏതെങ്കിലും സന്ദർഭത്തിൽ വീടുകൾ നിർമ്മിച്ചിരിക്കുന്ന പ്രദേശം സന്ദർശിക്കാൻ ഏവരെയും ക്ഷണിക്കുന്നു.

27-ാം തീയതിയിലെ ചടങ്ങിലേക്ക് മാനന്തവാടി രൂപതയിലെ എല്ലാ വൈദികരെയും ഇടവകയുടെ പ്രതിനിധികളായി

രണ്ട് കൈക്കാരന്മാരെയും സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരേയും മേജർ സുപ്പീരിയർമാർ മാനന്തവാടി രൂപതക്കുള്ളിൽ ഇല്ലാത്തവരുടെ രണ്ട് പ്രതിനിധികളെയും, സംഘടനകളുടെ ഡയറക്ടർമാർ, പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ്, സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, സ്കൂളുകളുടെയും കോളേജിന്റെയും പ്രിൻസിപ്പൽ അല്ലെങ്കിൽ വൈസ് പ്രിൻസിപ്പൽ അഥവാ ഹെഡ് മാസ്റ്റർ / ഹെഡ്മിസ്ട്രസ് എന്നിവരെയും ഈ ചടങ്ങിലേക്ക് സ്നേഹപൂർവം ക്ഷണിക്കുന്നു. നിങ്ങളുടെ സാന്നിദ്ധ്യം വീടുകൾ കിട്ടുന്നവർക്കും സംഭാവനകൾ കൊടുത്തവർക്കും നിർമ്മാണം ഏറ്റെടുത്ത് നടത്തിയവർക്കും എല്ലാം വലിയൊരു പ്രോത്സാഹനമായിരിക്കും.

പ്രിയപ്പെട്ടവരേ, നമ്മൾ കൂട്ടായി നടത്തിയ ഈ ബൃഹത് പദ്ധതി ക്രൈസ്തവ സ്നേഹത്തിന്റെ പ്രകടമായ മാതൃകയാണ്. നമ്മൾ ചെയ്തത് ഈശോയ്ക്ക് തന്നെയാണ്. ഇക്കാര്യത്തിൽ സഹകരിച്ച എല്ലാവരെയും ഹൃദയപൂർവം അഭിനന്ദിക്കുകയും നിങ്ങൾക്ക് ഒന്നിന് നൂറായി ദൈവം പ്രതിഫലം തരട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്താറാമാണ്ട് ഒക്ടോബർ മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

JOSE PORUNNEDOM BISHOP OF MANANTHAVADY

ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

പ്രത്യേക ശ്രദ്ധയ്ക്ക്: ഈ സർക്കുലർ 2026 നവംബർ 8 ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും വിശ്വാസിസമൂഹത്തിന് വേണ്ടി വി. കുർബാനയർപ്പിക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതും ഇടവകയുടെയും സ്ഥാപനങ്ങളുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഷെയർ ചെയ്യേണ്ടതുമാണ്.